പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2425 19/03/2015 ൽ മറുപടി പറയേണ്ടിയിരുന്നത്.

താലൂക്ക് ആശുപത്രികളായി ഉയർത്തിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ

| ചോദ്യം<br>ശ്രീ. ഇ.കെ. വിജയൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്; വിശദാംശം നൽകാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന 6 (5+1) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ താലൂക്ക്/താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.<br>1) സാമൂഹ്യാരോഗ്യകേന്ദ്രം ഫോർട്ട്, തിരുവനന്തപുരം.<br>2)സാമൂഹ്യാരോഗ്യകേന്ദ്രം, ബാലുശ്ശേരി, കോഴിക്കോട്.<br>3)സാമൂഹ്യാരോഗ്യകേന്ദ്രം, വണ്ടൂർ, മലപ്പുറം<br>4)സാമൂഹ്യാരോഗ്യകേന്ദ്രം, അരീക്കോട്, മലപ്പുറം<br>5)സാമൂഹ്യാരോഗ്യകേന്ദ്രം, പള്ളുരുത്തി, എറണാകുളം<br>6)സാമൂഹ്യാരോഗ്യകേന്ദ്രം, കോന്നി, പത്തനംതിട്ട (താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയായി ഉയർത്തി |
| (ബി) | ഇത്തരത്തിൽ ഉയർത്തപ്പെട്ട ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിക്കാത്തതും ആവശ്യത്തിന് ഡോക്ടർമാരേയും ജീവനക്കാരേയും നിയമിക്കാത്തതും ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാകാത്തതിന് കാരണമാകുന്നു എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം ആശുപത്രികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ